**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **31-01-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ സംവരണ പട്ടിക പുതുക്കാൻ ജാതി സർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്നാക്ക വിഭാഗ സംവരണ പട്ടിക പുതുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | നിലവിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മറ്റ് പിന്നാക്ക വിഭാഗ പട്ടികയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ ഭാഗമായി ജാതി സർവ്വെ നടത്തുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | ജാതി സർവെ നടത്തുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ 2011 -ലെ സാമൂഹ്യ, സാമ്പത്തിക ജാതി സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും, സാങ്കേതിക പിഴവുകളും പോരായ്മകളും കാരണം പ്രസ്തുത വിവരങ്ങൾ വിശ്വാസയോഗ്യമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ വിവരങ്ങൾ സംസ്ഥാന സർക്കാരിന് കൈമാറുകയോ, ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും കേസ് നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസുകളിലെ വിധിക്കനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (സി) | പ്രസ്തുത സർവ്വെ നടത്തുന്നതിന് മുൻപ് പിന്നാക്ക സമുദായ സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത കേസിലെ വിധിക്കനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ